"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത 436 ഗ്രാമപഞ്ചായത്തുകളിൽ കൂടി താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.74/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

പരാമർശം:- 1. സ.ഉ.(കൈ) നം 250/2022/തസ്വഭവ, തീയതി 10.11.2022.

2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.09.2024, 05.12.2025 എന്നീ തീയതികളിലെ LSGD/PD/6854/2024-DEE6 നമ്പർ കത്ത്.

ഉത്തരവ്

ഗ്രാമ പഞ്ചായത്തുകളുടെ അടിസ്ഥാന ഉത്തരവാദിത്തങ്ങളായ ശുചീകരണവും മാലിന്യ നിർമാർജ്ജനവും നടപ്പിലാക്കുന്നതിനായും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നിവ നടപ്പിലാക്കുന്നതിനും മുനിസിപ്പാലിറ്റികളിലേതിന് സമാനമായി സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത തസ്തികകളിൽ കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

2. മാലിന്യമുക്തം നവകേരളം തുടർ പ്രവർത്തനങ്ങൾ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുടെ നടത്തിപ്പിന് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അനിവാര്യമാണ്. നിലവിൽ ശേഷിക്കുന്ന 436 ഗ്രാമപഞ്ചായത്തുകളിൽ 185 ഗ്രാമപഞ്ചായത്തുകളും പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക അനുവദിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. 436 പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കാമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അനുകൂല ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. 436 ഗ്രാമപഞ്ചായത്തുകളിൽ കൂടി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്ന പക്ഷം ആയത് കരാർ അടിസ്ഥാനത്തിൽ നിന്നും മാറി ദിവസവേതന

അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണെന്നും ഇത്തരത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ തസ്തിക അനുവദിക്കുന്ന പക്ഷം ജീവനക്കാർക്ക് ജോലിചെയ്യുന്ന ദിവസങ്ങളിലെ വേതനം നൽകിയാൽ മതിയാകുന്നതും മിച്ച തുക പഞ്ചായത്തിന്റെ മറ്റ് പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് ഉതകുന്നതുമാണ് എന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. മേൽ പ്രകാരം നിയമനം നടത്തിയാൽ പരാമർശം (1) പ്രകാരം സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ നിയമിതരായ നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർ . കരാർ വ്യവസ്ഥയിലും, പുതുതായി നിയമിതരാകുന്നവർ ദിവസവേതനത്തിലും എന്നിങ്ങനെ രണ്ടു തരത്തിലുള്ളവർ വകുപ്പിൽ സൃഷ്ടിക്കപ്പെടുന്നതിന് ഇടയാക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യമുക്തം നവകേരളം പരിപാടിയുടെ ഭാഗമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ സാധിക്കുന്നതും അതിലൂടെ പിഴത്തുക അടക്കം ഈടാക്കാവുന്നതും ശുചിത്വപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ കഴിയുന്നതുമാണ് എന്നും ഇത്തരത്തിൽ നിയമനം നടത്തുന്നതിന്റെ സാമ്പത്തിക ബാധ്യത അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ് എന്നുമുള്ള വസ്തുതകൾ പരിഗണിച്ച്, പരാമർശം (1) ഉത്തരവിന് തുടർച്ചയായി ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത സംസ്ഥാനത്തെ ബാക്കിയുള്ള 436 ഗ്രാമപഞ്ചായത്തുകളിൽ കൂടി ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനും തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രസ്തുത തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ സുതാര്യമായ രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിയമനം നടത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം(1) ഉത്തരവിൽ കൊടുത്തിട്ടുള്ള അനുബന്ധം II-ലെ മാനദണ്ഡവും നടപടിക്രമങ്ങളുംപാലിച്ചുമാത്രമേ മേൽ തസ്തികകളിൽ നിയമനം നടത്താൻ പാടുള്ളൂ എന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതു ഭരണ(എസ് സി) വകുപ്പ്
ധനകാര്യ വകുപ്പ്(10.02.2026ലെ ഡെവ-1/7/2026/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (181/ഇപിഎ2/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 07-03-2026 12:09:40